# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 345** 15.03.2017- ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ

**ചോദ്യം**

**ശ്രീ. ആന്റണി ജോൺ**
**" ജെയിംസ് മാത്യൂ**
**" യു. ആർ. പ്രദീപ്**
**ശ്രീമതി.വീണാ ജോർജ്ജ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുകയും ഡിജിറ്റൽ സംരംഭങ്ങൾ കൂടുതൽ സഹകരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(എ) ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും പൊതുമേഖലാ ബാങ്കുകളിൽ ലഭ്യമാകുന്ന ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ RTGS, NEFT എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 35 ശതമാനത്തോളം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 30 അർബൻ സഹകരണ ബാങ്കുകളിലും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതിയോടെയാണ് ജില്ലാ സഹകരണ ബാങ്കുകളിൽ ഇലക്ട്രോണിക് പെയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നത്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ഇടപാടുകാർക്ക് ജില്ലാ സഹകരണ ബാങ്കുകൾ വഴി റുപേ കാർഡ് നൽകുന്നതിനു വേണ്ടിയുള്ള സർക്കുലർ നിർദ്ദേശം 17/2017 -ാം നമ്പരായി സഹകരണ സംഘം രജിസ്ട്രാർ നൽകിയിട്ടുണ്ട്.

ബി) സഹകരണ മേഖലയിലെ ഓഡിറ്റ് കമ്പ്യൂട്ടർ അധിഷ്ഠിതമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

ബി) സഹകരണ മേഖലയിലെ ആഡിറ്റ് കമ്പ്യൂട്ടർവൽക്കരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആഡിറ്റ് സർട്ടിഫിക്കറ്റ്, ആഡിറ്റ് മെമ്മോറാണ്ടം എന്നിവ ഓൺലൈൻ ആയി

.........2

നൽകുന്നതിന് സോഫ്റ്റ് വെയർ യൂസർ ഡിഫൈൻഡ് ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി പൊതുമേഖലാ സ്ഥാപനമായ സി.ഡിറ്റ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് അംഗീകരിക്കുകയും സോഫ്റ്റ് വെയർ വികസനത്തിന് ടി സ്ഥാപനത്തിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ-വൽക്കരണത്തിന്റെ ഭാഗമായി ആഡിറ്റ് പുരോഗതി ഓൺലൈൻ ആയി ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായി വരുന്നു. വായ്പ/ വായ്പാ ഇതര സംഘങ്ങൾ/ബാങ്കുകൾ എന്നിവയുടെ ആഡിറ്റ് റിപ്പോർട്ട് ഓൺലൈൻ ആയി തയ്യാറാക്കുന്നതിനുള്ള സംവിധാനം വികസിപ്പിക്കുന്നതിന് C-DIT മുഖേന നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിൽ മാന്വവലായി തയ്യാറാക്കി സഹകരണ സ്ഥാപനങ്ങൾക്ക് നൽകുന്ന അംഗീകരിച്ച ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ യൂണിറ്റ് ആഡിറ്റർമാർക്ക് ആഡിറ്റ് റിപ്പോർട്ട് എക്സൽ ഷീറ്റിൽ തയ്യാറാക്കി പ്രിന്റ് ചെയ്ത് ആഡിറ്റ് സർട്ടിഫിക്കറ്റ് സഹകരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ലാപ് ടോപ്പുകൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| സി) ഉപഭോക്താക്കളുടെ സൗകര്യത്തിനായി കൺസ്യൂമർ ക്രെഡിറ്റ് കാർഡ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) ഐ.റ്റി വകുപ്പിന്റെ സഹായത്തോടു കൂടി നിലവിലുള്ള ത്രിവേണികളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും ഓൺലൈൻ ഇ.കോമേഴ്സ് വ്യാപാരം ശക്തിപ്പെടുത്തുന്നതിനും ആലോചിച്ചു വരുന്നു. സ്റ്റാർട്ട് അപ്പ് കമ്പനികളുടെ സഹായത്തോടു കൂടി യൂസർ ഫ്രണ്ട്‌ലി ആയ ആപ്ലിക്കേഷൻ ഉണ്ടാക്കുന്നതിനും അത് പ്രചരിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ കൂടെ കൺസ്യൂമർ ക്രെഡിറ്റ് സംവിധാനവും നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്. കറൻസി നോട്ടുകൾ പിൻവലിച്ച വേളയിൽ ക്രെഡിറ്റ് കാർഡിന് സമാനമായി ക്രെഡിറ്റ് കൂപ്പൺ കൺസ്യൂമർ ഫെഡ് ഇറക്കിയിരുന്നു. കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ ഐ.റ്റി മേഖലയിലെ പുരോഗതി സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**